## പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 685 — 12.06.2013-ൽ മറുപടിയ്ക്ക്

**ഡെങ്കിപ്പനി മൂലം മരണപ്പെട്ടവരുടെ എണ്ണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ. എസ്. സലീഖ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) 2013 ജനുവരി മുതൽ മെയ് 31 വരെ സംസ്ഥാനത്ത് എത്ര പേർ ഡെങ്കിപ്പനി മൂലം വിവിധ സർക്കാർ സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടി എന്നും, ഈ കാലയളവിൽ എത്ര പേർ മരണപ്പെട്ടു എന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) സാധാരണ ഡെങ്കിപ്പനിയിൽ നിന്നും മാറി സംസ്ഥാനത്ത് പലയിടത്തും മാരകമായ ഹെമറേജിക് ഡെങ്കിയും, ഷോക്ക് സിൻഡ്രോമും പെരുകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ; വിശദമാക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരു വ്യക്തിയ്ക്ക് രണ്ടാമത്തെ തവണ ഡെങ്കി വൈറസ് ബാധ ഉണ്ടാകുമ്പോഴോ ഒന്നിലധികം ഡെങ്കി വൈറസ് ഒരുമിച്ച് ബാധിക്കുമ്പോഴോ ഡെങ്കി ഹിമൊറോജിക് ഫീവർ, ഡെങ്കി ഷോക് സിൻട്രോം എന്നിവ ഉണ്ടാകാൻ സാധ്യതയുണ്ട്. എന്നാൽ ഈ ഗുരുതരാവസ്ഥകൾ തുടക്കത്തിൽ തന്നെ തിരിച്ചറിഞ്ഞ് ചികിത്സിച്ച് ഭേദമാക്കി മരണത്തിൽ നിന്നും രക്ഷിക്കാൻ ഒരു പരിധിവരെ സാധിക്കുന്നുണ്ട്. |
| (സി)ഡെങ്കിപ്പനി ചികിത്സയിൽ സംസ്ഥാനത്തെ പല സ്വകാര്യ ആശുപത്രികളിലെയും അവിദഗ്ധ ചികിത്സ രോഗികളെ മരണത്തിലേക്ക് തള്ളി വിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ; | (സി)ഗവൺമെന്റ്/സ്വകാര്യ ആശുപത്രികളിലെ ഡെങ്കി മരണങ്ങളെ കുറിച്ചുള്ള ക്ലിനിക്കൽ ആഡിറ്റ് തുടക്കം കുറിച്ചിട്ടുണ്ട്. ഇതു പൂർത്തിയായാൽ മാത്രമേ ചികിത്സയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വ്യക്തമാകുകയുള്ളൂ. ലോകാരോഗ്യ സംഘടനയുടേയും ഡൽഹിയിലെ കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ സാംക്രമിക രോഗ ഇൻസ്റ്റിറ്റ്യൂട്ടിന്റേയും ചികിത്സാ മാർഗ്ഗരേഖകൾ നേരത്തെ ഡോക്ടർമാർക്ക് ലഭ്യമാക്കിയിരുന്നു. |
| (ഡി)എങ്കിൽ ഇതു പരിഹരിക്കുന്നതിന് സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർക്ക് മെഡിക്കൽ കോളേജുകളിലെ അധ്യാപകരെ ഉപയോഗിച്ച് ഡെങ്കി ചികിത്സയിൽ പരിശീലനം തുടങ്ങാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ; | (ഡി) മെഡിക്കൽ കോളേജു കളിലെ വിദഗ്ധ ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർക്ക് പരിശീലനം കൊടുത്തു വരികയാണ്. ജില്ലാ മെഡിക്കൽ ഓഫീസ് വഴിയും സർക്കാർ, സ്വകാര്യ ഡോക്ടർമാർക്ക് ഡെങ്കിപനി ചികിത്സയിൽ പരിശീലനം നടത്തുന്നുണ്ട്. |
| (ഇ)സംസ്ഥാനത്ത് ഡെങ്കിപ്പനി പടർന്നു പിടിച്ച സാഹചര്യത്തിൽ ഇതിലേയ്ക്കായി എന്ത് തുക മാറ്റി വച്ചിട്ടുണ്ട് എന്നും; മാറ്റി വച്ച തുക വളരെ അപര്യാപ്തമാണെന്ന വ്യാപക ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടു ണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ഇ) ഡെങ്കിപ്പനിക്ക് മാറ്റിവച്ച തുക വളരെ അപര്യാപ്തമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്ര പ്രാണിജന്യ രോഗ നിയന്ത്രണ പരിപാടി വക 52 ലക്ഷം രൂപ ഡെങ്കിപ്പനി ഉൾപ്പെടെയുള്ള കൊതുകുജന്യ രോഗങ്ങൾക്ക് ജില്ലകളിൽ ലഭ്യമാണ്. കൊതുകുജന്യ രോഗ നിയന്ത്രണ പരിപാടികൾക്ക് ഈ വർഷത്തേയ്ക്ക് 168 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ |

| | |
|---|---|
| | പകർച്ചാവ്യാധി നിയന്ത്രണത്തിന് പ്ലാൻ ഫണ്ടിൽ നിന്നും നൽകിയ 232 ലക്ഷം രൂപയുടെ ഒരു വിഹിതവും ഡെങ്കിപ്പനി നിയന്ത്രണത്തിന് ഉപയോഗിക്കുന്നു. ഇതുകൂടാതെ എൻ.ആർ.എച്ച്.എം. വഴി 10,000 രൂപയും ശുചിത്വ മിഷൻ വഴി 10,000 രൂപയും പഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും 5000 രൂപയും ആകെ 25,000 രൂപ ഓരോ വാർഡ് ഹെൽത്ത് സാനിറ്റേഷൻ കമ്മിറ്റിക്ക് നൽകുന്നുണ്ട്. അതിനാൽ ഫണ്ടിനായി അപര്യാപ്തതയില്ല. |
| (എഫ്) ഡെങ്കി രോഗത്തിന്റെ ആവർത്തന-വ്യാപന സ്വഭാവങ്ങൾ പരിഗണിച്ച് ദീർഘകാലാടിസ്ഥാനത്തിലുള്ള പ്രതിരോധ നടപടികൾ ഇനിയെങ്കിലും ആസൂത്രണം ചെയ്യാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (എഫ്) വിവിധ വകുപ്പുകളുടെയും സർക്കാരേതര സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെയുള്ള നിരന്തരമായ രോഗപ്രതിരോധ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും രൂപീകരിച്ച റാപിഡ് റെസ്പോൺസ് ടീമിന്റെ നേതൃത്വത്തിൽ സർക്കാർ നടത്തി വരുന്നു. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനമനുസരിച്ച് ജില്ലാതലം മുതൽ പഞ്ചായത്തുതലം വരെ ഇന്റർ സെക്ടറൽ കോഓഡിനേഷൻ യോഗം കൂടി പ്രതിരോധ നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

415-685
12.6.17

അനുബന്ധം

| | | | |
|---|---|---|---|
| ജില്ല | ഡെങ്കിപ്പനിയ്ക്ക് ചികിത്സ തേടിയവർ | സംശയാസ്പദ ഡെങ്കിപ്പനി മരണം | സ്ഥിരീകരിച്ച ഡെങ്കിപ്പനി മരണം |
| 1. തിരുവനന്തപുരം | 1134 | 19 | 3 |
| 2. കൊല്ലം | 67 | 3 | 1 |
| 3. പത്തനംതിട്ട | 188 | 3 | 2 |
| 4. ആലപ്പുഴ | 19 | 0 | 0 |
| 5. കോട്ടയം | 106 | 16 | 2 |
| 6. ഇടുക്കി | 166 | 0 | 0 |
| 7. എറണാകുളം | 192 | 0 | 0 |
| 8. തൃശ്ശൂർ | 42 | 0 | 0 |
| 9. മലപ്പുറം | 58 | 0 | 0 |
| 10. പാലക്കാട് | 31 | 3 | 0 |
| 11. കോഴിക്കോട് | 17 | 1 | 0 |
| 12. വയനാട് | 3 | 0 | 0 |
| 13. കണ്ണൂർ | 91 | 0 | 1 |
| 14. കാസർഗോഡ് | 55 | 0 | 0 |
| ആകെ | 2169 | 45 | 9 |